**അടിയന്തര പ്രമേയം**

<u>മി. സ്പീക്കർ</u>: ഒരു അടിയന്തര പ്രമേയത്തിന് നോട്ടീസ് കിട്ടിയിട്ടുണ്ട്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അദ്ദേഹത്തിന്റെ പ്രസംഗത്തിനിടയിൽ ഇതേ വിഷയം പറയുകയും അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയുകയും ചെയ്തു. .....ചെയർ പറയാനുള്ളത് പറയട്ടെ. ഞാൻ ............ബഹളം ഉണ്ടാക്കേണ്ട സമയം ആയില്ല. അങ്ങനെയാണെങ്കിൽ മതിയല്ലോ. ഇന്നലത്തെ സാഹചര്യം പറഞ്ഞതാണ്. പലപ്പോഴും തൊട്ടു തലേദിവസം വന്ന വിഷയങ്ങൾ അടുത്ത ദിവസം എടുക്കുകയും, എടുക്കാതെയുമിരുന്നിട്ടുണ്ട്. അങ്ങനെ കുറെ കീഴ്‌വഴക്കങ്ങളിവിടെയുണ്ട്. അതിനെ സംബന്ധിച്ചുള്ള രേഖകളുമുണ്ട്. ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. ഈ വിഷയം ഇന്നലെ ചർച്ചയ്ക്ക് വന്നതാണ്. എന്നാൽ ഈ വിഷയംതന്നെ ഇന്ന് വീണ്ടും അടിയന്തരപ്രമേയമായി വന്നിരിക്കുന്നു. ഈ അടിയന്തര പ്രമേയ നോട്ടീസ് മുഖ്യമന്ത്രിക്കാണ് തന്നിരിക്കുന്നത്. മുഖ്യമന്ത്രി മറുപടി പറയാൻ തയ്യാറായ സാഹചര്യത്തിൽ ഏതായാലും ഇന്നലത്തെ ചർച്ചാ വേളയിൽ ഈ വിഷയം അവതരിപ്പിക്കപ്പെട്ടതാണെങ്കിലും ഈ അടിയന്തര പ്രമേയം ചെയർ പരിഗണനയ്ക്കെടുക്കുന്നു. ഇതുപോലുള്ള കാര്യങ്ങൾ പരിഗണനയ്ക്ക് എടുക്കുമ്പോൾ ഞാൻ ഇതൊരു കീഴ്‌വഴക്കമായി മാറരുതെന്ന് പലപ്പോഴും പറഞ്ഞിട്ടുണ്ട്. ഏതായാലും ഇത് പരിഗണനയ്ക്ക് എടുക്കുന്നു.

സാമ്പത്തികകുറ്റങ്ങൾക്ക് നേരത്തെ ജയിലിൽ അടയ്ക്കപ്പെട്ടിട്ടുള്ളതും സംസ്ഥാനത്തിനകത്തും പുറത്തുമുള്ള കേസ്സുകളിൽ പോലീസ് അന്വേഷിച്ചു വരുന്നതുമായ സാമ്പത്തിക തട്ടിപ്പുകാരി, തന്റെ കേസ്സുകൾ ഒതുക്കുന്നതിനു

വേണ്ടി മുഖ്യമന്ത്രിയുടെ ഓഫീസുമായി ബന്ധപ്പെട്ടതുമായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. രാജു എബ്രഹാം, ശ്രീ. വി. എസ്. സുനിൽ കുമാർ, ശ്രീ. സി. കെ. നാണു, ശ്രീ. കോവൂർ കുഞ്ഞുമോൻ, ശ്രീ. എ. കെ ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

## സാമ്പത്തിക തട്ടിപ്പുകാരുമായി മുഖ്യമന്ത്രിക്കുള്ള ബന്ധം

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, സൗരോർജ്ജ പ്ലാന്റുകളും, കാറ്റാടി വൈദ്യുതി പാടങ്ങളും വാഗ്ദാനം ചെയ്ത് പലരിൽ നിന്നുമായി കോടിക്കണക്കിന് രൂപ തട്ടിയെടുത്ത കേസ്സിലെ പ്രധാന പ്രതികളിൽ ഒരാളായ സരിത എസ്. നായർ, ലക്ഷ്മി നായർ എന്നീ പേരുകളിൽ അറിയപ്പെടുന്ന സ്ത്രീയെ 3–6–2013–ാം തീയതി തിരുവനന്തപുരം ഇടപ്പഴിഞ്ഞിയിലുള്ള വാടക വീട്ടിൽ നിന്നും പോലീസ് അറസ്റ്റ് ചെയ്തു. പോലീസിന്റെ അന്വേഷ ണത്തിൽ സംസ്ഥാനത്ത് പല ജില്ലകളിലും സരിത എസ്. നായരും ഭർത്താവ് ബിജു രാധാകൃഷ്ണനും ചേർന്ന് ഇത്തരത്തിൽ പൊതുജനങ്ങളെ കബളിപ്പിച്ച് കോടിക്കണക്കിന് രൂപ തട്ടിയെടുത്തതായി അറിവായിട്ടുണ്ട്. ഇക്കാര്യത്തിന് ഇതുവരെ വിവിധ ജില്ലകളിലായി 13 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എല്ലാ കേസ്സുകളും ശരിയായ രീതിയിൽ സമഗ്രമായി അന്വേഷിച്ച് മുഴുവൻ കുറ്റവാളികളെയും നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിനാവശ്യമായ നട പടികൾ സ്വീകരിക്കുന്നതാണ്. ഇന്നലെ ഞാൻ ഈ വിഷയത്തിന് മറുപടി

പറഞ്ഞിട്ടുണ്ടായിരുന്നു. ഇതിനകത്ത് കുറ്റം ചെയ്തിട്ടുള്ള ഒരാളും രക്ഷപ്പെടുകയില്ല. പല ജില്ലകളിലായിട്ടാണ് ഈ കേസ്സ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. അതുകൊണ്ട് ഒരു പ്രത്യേക ടീമിനെ ഈ കേസ്സുകളുടെ അന്വേഷണത്തിനായി മാത്രം നിയോഗിക്കുന്നതാണ്. എന്റെ ഓഫീസ് ഈ കേസന്വേഷണത്തിൽ ഇടപെടത്തക്കവിധത്തിൽ യാതൊന്നും ചെയ്തിട്ടില്ല. അതിൽ ചിലർ ഫോൺ ചെയ്തിട്ടുള്ള കാര്യങ്ങളെക്കുറിച്ചാണ് ഇപ്പോൾ പറഞ്ഞിട്ടുള്ളത്. നിശ്ചയമായും അതിന്റെ അന്വേഷണം പൂർത്തിയാകുന്ന സമയത്ത് അതെന്താണെന്നുള്ള കാര്യം പരിശോധിക്കും. ഇതിനെ സംബന്ധിച്ച് ഇന്നലെ പറഞ്ഞതാണ്. ഇന്ന് വീണ്ടും ആവർത്തിക്കുന്നു. ഈ നോട്ടീസ് കിട്ടിയപ്പോൾ അങ്ങ് ചോദിച്ചപ്പോൾ ഞാൻ പറഞ്ഞത് ഏതു കാര്യവും ചർച്ച ചെയ്യുന്നതിനകത്ത് ഒരു തെറ്റും കാണാത്ത ഒരാളാണ് ഞാൻ. അത് ചർച്ച കൂടുതലാകുന്നതുകൊണ്ടും ഒരു കുഴപ്പവുമില്ല. ഇതു സംബന്ധിച്ച് നിയമപരമായിട്ടുള്ള നടപടികൾ അതെല്ലാവർക്കും ബോധ്യപ്പെടത്തക്കവിധത്തിൽ തന്നെയുള്ള നടപടികളുമായി മുന്നോട്ടുപോകുമെന്ന് ഞാൻ വീണ്ടും ഉറപ്പു നൽകുന്നു.

<u>ശ്രീ. രാജു എബ്രഹാം</u>: സർ, ഇന്നലെ ധനാഭ്യർത്ഥനയുടെ ചർച്ചയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, ശ്രീ. ഇ. പി. ജയരാജൻ, ശ്രീ. പി. ശ്രീരാമകൃഷ്ണൻ, ശ്രീമതി ജമീലാ പ്രകാശം തുടങ്ങിയവർ ഈ വിഷയം ഉന്നയിച്ചിരുന്നതാണ്. ഇന്നലെ കൊടുത്ത മറുപടിതന്നെയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോഴും നൽകിയിരിക്കുന്നത്. കോടികൾ തട്ടിയ സരിതയുടെ കേസ്സ് അന്വേഷിച്ചുകൊണ്ടിരിക്കുകയാണെന്നും കുറ്റക്കാരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുമെന്നും ഇന്നലെയും മുഖ്യമന്ത്രി പറഞ്ഞു. ഇന്നും മുഖ്യമന്ത്രി സഭയിൽ അത് ആവർത്തിച്ചിട്ടുണ്ട്. എന്നാൽ

ഇവിടത്തെ പ്രശ്നം വേറെയാണ്. മുഖ്യമന്ത്രി സ്ഥിരമായി ഉപയോഗിക്കുന്ന സ്വകാര്യ ഫോൺ, മുഖ്യമന്ത്രിയുടെ വസതിയിലെ ഫോൺ, ഓഫീസിലെ ഫോൺ തുടങ്ങിയ ഫോണുകളിലാണ് പുറത്തുവന്നിരിക്കുന്ന ലിസ്റ്റ് പ്രകാരം 70–ൽ അധികം തവണ ഫോൺ കോളുകൾ പുറത്തേയ്ക്കും അകത്തേയ്ക്കും വിളിച്ചിരിക്കുന്നത്. ഇതാണ് ഇവിടത്തെ പ്രശ്നം. പ്രധാന മായും പരിശോധിക്കേണ്ട ഒരു പ്രശ്നം ഇപ്പോൾ ബഹുജന സമ്പർക്ക പരിപാടിയിൽ, മുഖ്യമന്ത്രി എന്ന നിലയിൽ, അല്ലെങ്കിൽ പൊതുപ്രവർത്തകർ എന്നുള്ള നിലയിൽ ധാരാളം ഫോൺ കോളുകൾ എല്ലാ ആളുകൾക്കും വരാറുണ്ട്. പക്ഷേ, ഇവിടെ സ്ഥിരമായി ടെലഫോണിൽ ബന്ധപ്പെട്ട വ്യക്തി പൊടിമീനോ പരൽ മീനോ ആണോ എന്നതാണ് ഇവിടത്തെ പ്രധാനപ്പെട്ട പ്രശ്നം. 21 കേസ്സുകളാണ് കേരളത്തിനകത്തും പുറത്തുമായി ഇപ്പോൾ പുറത്തുവന്നിരിക്കുന്നത്. എല്ലാ ഇന്റലിജൻസ് സംവിധാനങ്ങളും വളരെ ശക്തമായ പോലീസുമുള്ള സംസ്ഥാനത്തിന് ഇത്തരത്തിലുള്ള ഒരു ഷെയ്ഡി ക്യാരക്ടറുള്ള വ്യക്തിയെ സംബന്ധിച്ച് വിവരങ്ങൾ ശേഖരിക്കാൻ മുഖ്യമ ന്ത്രിയുടെ ഓഫീസുമായി ബന്ധപ്പെട്ട പോലീസ് സംവിധാനത്തിന് കഴിയാതെ പോയതാണോ? അങ്ങനെയാണെങ്കിൽ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഇത് സംബന്ധിച്ചുള്ള സ്റ്റേറ്റ്മെന്റ് ഇവിടെ നടത്തണം. പോലീസിന് വീഴ്ച പറ്റിയിരിക്കുന്നു എന്ന് വ്യക്തമാക്കണം. ഇവിടെ സരിത വി. നായർ എന്ന വ്യക്തി നിരവധി വർഷങ്ങളായി കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ തട്ടിപ്പുകൾ നടത്തിവരികയാണ്. ചെങ്ങന്നൂരിലെ അബ്കാരി കോൺട്രാക്ടറുടെ സഹായത്തോടുകൂടിയാണ് കോഴഞ്ചേരി യിലെ പ്രധാനപ്പെട്ട ഒരു സ്വകാര്യ പണമിടപാട് സ്ഥാപനത്തിൽ എത്തിയത്.

കോഴഞ്ചേരിയിലെ പണമിടപാട് സ്ഥാപനമെന്നു പറയുന്നത് ദേശീയ പ്രശസ്തിയുള്ള പണമിടപാട് സ്ഥാപനങ്ങളാണ്. അവിടെ തട്ടിപ്പ് നടത്തിയത് സംബന്ധിച്ച് പോലീസ് കേസ് 2000–ൽ തന്നെയുണ്ട്. അവിടെനിന്ന് കൊല്ലത്തുള്ള ഒരു ധനകാര്യ സ്ഥാപനത്തിലെത്തി വീണ്ടും തട്ടിപ്പ് നടത്തി. 2009–ൽ ഐ.എ.എസ്. ഓഫീസർ എന്ന് പറഞ്ഞുകൊണ്ടും തന്റെ ഭർത്താവ് ലോകബാങ്കിന്റെ പ്രോജക്ട് ഓഫീസർ എന്നുപറഞ്ഞുകൊണ്ടുമാണ് തിരുവനന്തപുരത്ത് തട്ടിപ്പ് നടത്തിയത്. തിരുവനന്തപുരത്ത് ക്രൈംബ്രാഞ്ച് പോലീസ് സരിതയെ അറസ്റ്റു ചെയ്തു. വനിതാ ജയിലിലാണ് ഇവർ പ്രസവിച്ചത്. വിവാഹത്തിന്റെ ആവശ്യത്തിനാണെങ്കിലും കുറ്റവാളികൾക്ക് പരോൾ കൊടുക്കാറുണ്ട്. പ്രസവാവശ്യത്തിനുപോലും പരോൾ കൊടുക്കാൻ ജയിൽ അധികൃതർ മടിച്ച ഒരു കുറ്റവാളി എന്നുപറഞ്ഞാൽ സാധാ കുറ്റവാളിയല്ല. ബിൻലാദനെപ്പോലെയുള്ള വൻ കുറ്റവാളിയും ഭീകര വാദിയുമാണ്. അവർ പിന്നീട് ഡൽഹിയിലേയ്ക്ക് കളംമാറ്റി. കേരളത്തിൽ നിന്നും ഡൽഹി പോലീസാണ് ഈ ആളിനെ കൊണ്ടുപോയത്. പിന്നീട് ടീം സോളാർ എന്നുപറയുന്ന ഒരു കമ്പനി രൂപീകരിക്കുന്നു. പെരുമ്പാവൂരിലായി രുന്നു പിന്നീടുള്ള പ്രധാനപ്പെട്ട തട്ടിപ്പ്. മുടിക്കൽ കറുപ്പാലി സജാദിൽ നിന്നും നാൽപ്പതര ലക്ഷം രൂപയാണ് തട്ടിയെടുത്തത്. അദ്ദേഹത്തിന്റെ പരാതിയുടെ പുറത്താണ് ഇപ്പോൾ ഇവിടെ അറസ്റ്റ് നടന്നിരിക്കുന്നത്. അതിനുമുമ്പ് നിരവധി തട്ടിപ്പു കേസ്സുകൾ; കാറ്റാടി പാടം തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഇവിടെ പുറത്തുവന്ന വിവരങ്ങൾ; ഇതി നുപയോഗിച്ചത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ ഒരു ശുപാർശ കത്താണ്. എമർജിംഗ് കേരളയിൽ ഈ പദ്ധതി പരിഗണിക്കപ്പെടുന്നു എന്ന്

കാണിച്ചുകൊണ്ടുള്ള ഒരു കത്താണ് സജാദ് എന്ന വ്യക്തിയെ കാണിച്ചത്. സജാദ് പെരുമ്പാവൂർ പോലീസിന് മൊഴി കൊടുത്തിരിക്കുന്നു. അവിടെ മാത്രമല്ല ഇവിടെ കോഴിക്കോട്, അസോസിയേറ്റഡ് സ്റ്റീൽ യാഡ് ഉടമ അബ്ദുൾ മജീദ്, അതുസംബന്ധിച്ച് കസബ പോലീസ് സ്റ്റേഷനിൽ ഒരു കേസ്സുണ്ട്. 47.70 ലക്ഷം രൂപയാണ് അവിടെ തട്ടിയെടുത്തത്. 2004–ൽ തിരുവനന്തപുരം കവടിയാറിൽ ക്രെഡിറ്റ് ഇൻഡ്യ എന്ന സ്ഥാപനം നടത്തി അവിടെയും തട്ടിപ്പ് നടത്തി. അതിന്റെ പേരിൽ 6 മാസം ഈ കുറ്റവാളിയെ പോലീസ് ജയിലിലടച്ചു. സൗരോർജ്ജ പ്ലാന്റ്, കാറ്റാടിപ്പാടം, സോളാർ വിതരണ ഏജൻസി ഇതെല്ലാം കൊടുക്കാമെന്നു പറഞ്ഞുകൊണ്ടാണ് ഈ തട്ടിപ്പ് നടത്തിയത്. കോഴഞ്ചേരിയിൽനിന്നും റാന്നിയിലെത്തിയ ലക്ഷ്മി നായർ, അവിടെ പേരുമാറി. പി.എം.തോമസ് പതാലിന്റെ കയ്യിൽ നിന്നും 2 ലക്ഷം രൂപയാണ് ഇവിടെ തട്ടിയെടുത്തത്.

തിരുവല്ല മുതൽ ശബരിമല വരെയുള്ള സോളാർ പാനലിന്റെ ഏജൻസി ശ്രീ. പി.എം. തോമസിന് നൽകാമെന്നുപറഞ്ഞുകൊണ്ടാണ് അഡ്വാൻസായി രണ്ടുലക്ഷം രൂപ തട്ടിയെടുത്തത്. റാന്നി സെന്റ് തോമസ് കോളേജ്, റാന്നി സെന്റ് തോമസ് വലിയപള്ളി ചാപ്പൽ, ചെത്തോങ്കരയിലെ ഒരു പ്രധാനപ്പെട്ട വീട് എന്നിവിടങ്ങളിലെല്ലാം പോയി ഇവർ ഓർഡർ സ്വീകരിക്കുകയും ചെയ്തു. പക്ഷെ അവിടെ പോലീസ് കേസെടുത്തില്ല. ഒരു സ്വകാര്യ അന്യായത്തിലൂടെയാണ് പി.എം. തോമസ് കേസ് രജിസ്റ്റർ ചെയ്തത്. എന്തുകൊണ്ടാണ് ഇത്തരം ഒരു മൊഴി ലഭിച്ചിട്ട് പോലീസ് കേസ്സെടുക്കാതിരുന്നത് എന്നത് വളരെ ദുരൂഹമായി തുടരുകയാണ്. ഇത്തരത്തിലുള്ള ഒരു പ്രധാനപ്പെട്ട പ്രശ്നമാണ് ഇപ്പോൾ കേരളത്തിൽ വളരെ ഗൗരവമായി ചർച്ച

ചെയ്തുകൊണ്ടിരിക്കുന്നത്. ഇങ്ങനെയുള്ള ഒരു കൊടുംകുറ്റവാളിക്കു വേണ്ടി എങ്ങനെ ഒരു പോലീസ് ഡിവൈ.എസ്.പി ശുപാർശ നടത്തി; ആറന്മുളയിലെ ഒരു വിദേശമലയാളി കേസ് കൊടുത്തപ്പോൾ ഒരു പോലീസുദ്യോഗസ്ഥനാണ് ഇടപെട്ട് ആ കേസ്സിൽനിന്ന് പിന്തിരിയണമെന്ന ആവശ്യമുന്നയിച്ചത്. പോലീസ് അസോസിയേഷന്റെ ഒരു പരിപാടി ഇവർ സ്പോൺസർ ചെയ്തിരിക്കുന്നു. അപ്പോൾ ഈ നിലയിലുള്ള വലിയ ബന്ധങ്ങൾ ഈ കാര്യങ്ങളിലേയ്ക്ക് എങ്ങനെയാണ് പോകുന്നതെന്നുള്ള കാര്യങ്ങളാണ് നമ്മൾ പ്രധാനമായും പരിശോധിക്കേണ്ടത്. അതുപോലെ തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ വൈകിട്ട് നടത്തിയ പത്രസമ്മേളനത്തിൽ പറഞ്ഞത് നിരവധി ആളുകൾ ഓഫീസിൽ വരുമെന്നാണ്. അത് സമ്മതിക്കുന്നു. പക്ഷെ 'ആയിരത്തിലൊരുവൻ എം.ജി.ആറോ' എന്ന് ചോദിക്കുന്ന പഴയപാട്ടുപോലെ ആകരുത്. ആയിരത്തിൽ ഒരാളാണോ സരിത; അതാണ് പ്രധാനപ്രശ്നമായി ഇപ്പോൾ ഉയർന്നുനിൽക്കുന്നത്. ഇവിടെ ഈ ടെലഫോൺ ഉപയോഗിച്ചത് ആരാണ്; ഇത് അങ്ങയുടെ കൂടെയുള്ള ശ്രീ. ജോപ്പൻ എന്ന വ്യക്തിയുടെ പേരിലാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. പക്ഷെ ആ ടെലഫോൺ ഉപയോഗിക്കുന്നത് അങ്ങാണ്. അങ്ങയെ എല്ലാവരും വിളിക്കുന്നതും അങ്ങ് ടെലഫോൺ ചെയ്യുന്നതുമെല്ലാം ഈ ഫോണിലൂടെയാണ്. ഇതുപോലെതന്നെയാണ് സരിതയും ഫോൺ ഉപയോഗിക്കുന്നത്. സരിതയുടെ പേരിൽ ഫോണില്ല. കൊച്ചിയിലെ പച്ചാളത്തുള്ള ഒരു രാജൻ നായരുടെ ഫോണാണ് സരിതയും ഉപയോഗിക്കുന്നത്. ഈ നിലയിലുള്ള വലിയ ദുരൂഹത ഇവിടെ വന്നിരിക്കുകയാണ്. 9447274799 എന്ന നമ്പരിലുള്ള ഫോണും 9446735555 എന്ന ഫോണും 0471–2314853, 2318406

എന്നീ രണ്ട് ഫോണുകളും ബഹുമാനപ്പെട്ട മുഖ്യ മന്ത്രിയുടെ വീട്ടിലേയും ഓഫീസിലേയും ഫോണുകളാണ്. 31-05-2013-ൽ 32 തവണയാണ് ഈ ടെലഫോണിൽ നിന്നും അങ്ങോട്ടും ഇങ്ങോട്ടും കോളുകൾ ചെയ്തിരിക്കുന്നത്. ഇതു കഴിഞ്ഞ് മൂന്ന് ദിവസം കഴിഞ്ഞപ്പോഴാണ് സരിതയെ അറസ്റ്റ് ചെയ്യുന്നത്. അതിനുമുമ്പുള്ള ഒരു മാസത്തെ പട്ടികയിൽമാത്രം എഴുപതിലേറെ തവണ വിളിച്ചിരിക്കുന്നു. അതിനുശേഷമുള്ള പട്ടിക വരാനിരിക്കുന്നു. ആ പട്ടികകൂടി പുറത്തുവരുമ്പോഴാണ് സംഭവത്തിന്റെ ഗൗരവം വെളിപ്പെടാൻ പോകുന്നത്. ഈ സൗരോർജ്ജ പ്ലാന്റിന്റെ സംസ്ഥാനതല ഉദ്ഘാടനം നടത്തിയത് ഇവിടത്തെ ഒരു മന്ത്രിയാണ്.

മി. സ്പീക്കർ: ശ്രീ. രാജു എബ്രഹാം, 10 മിനിട്ടായി.

ശ്രീ. രാജു എബ്രഹാം: സർ, കഴിയാറായി. ഇവിടെ പ്രധാനമായി ഉയർന്നുവന്നിരിക്കുന്ന ഒരു പ്രശ്നം വളരെ ഗൗരവമായി ഉന്നയിക്കുകയാണ്. ഉദ്ഘാടനം നടന്ന സ്ഥലം കടുത്തുരുത്തിയാണ്. അതുകൊണ്ടുതന്നെ ഈ ദുരൂഹത മാറണം. കേരളത്തിലെ മാധ്യമങ്ങൾ വൻപ്രാധാന്യത്തോടുകൂടിയാണ് ഈ വിഷയം ഇന്നലെ ചർച്ച ചെയ്തത്. കേരളത്തിലെ ജനങ്ങൾ ഇതിന്റെ മറുപടി ആഗ്രഹിക്കുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സൂചിപ്പിച്ചതുപോലെ ഇക്കാര്യത്തിൽ ഏറ്റവും സുതാര്യമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. മലയാളികൾ മുൾമുനയിൽ നിൽക്കുകയാണ്. കേരളത്തിലെ ജനങ്ങൾ വളരെ ഉത്കണ്ഠയോടുകൂടി നോക്കിയിരിക്കുന്ന ഒരു പ്രശ്നമെന്ന നിലയിൽ, കേരളം കണ്ടിട്ടുള്ള ഏറ്റവും വലിയ കുറ്റവാളികളിൽ റിപ്പർ ജയാനന്ദൻ ചെയ്തതിനെക്കാൾ വലിയ കുറ്റമാണ് ഇവർ ചെയ്തിരിക്കുന്നത്. അത്തരത്തിലുള്ള ഒരു

വലിയ കുറ്റവാളിയുമായുള്ള മുഖ്യമന്ത്രിയുടെ ഓഫീസിനുള്ള ബന്ധം സംബന്ധിച്ചുള്ള നിഗൂഢത പക്ഷപാദിത്വമില്ലാതെ നീതിപൂർവ്വം പ്രവർത്തിക്കേണ്ട ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മുഖ്യമന്ത്രിയുടെ ഓഫീസും കുറ്റവാളികളുടെ സംരക്ഷണകേന്ദ്രമായി മാറിയിരിക്കുന്നത് ജനങ്ങളെ ഞെട്ടിപ്പിക്കുകയും ക്ഷോഭിപ്പിക്കുകയും ചെയ്തിരിക്കുന്ന സാഹചര്യത്തിലാണ് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ശ്രീ. രാജു എബ്രഹാം ഈ സ്ത്രീ ഒരു കുറ്റവാളിയാണ് എന്നതിന് കുറെയധികം കാര്യങ്ങൾ പറഞ്ഞു. അത് എല്ലാവരും അംഗീകരിക്കുന്ന കാര്യമാണ്. 13 കേസ്സുകൾ അവരുടെ പേരിൽ ഇതിനോടകം ചുമത്തിയിട്ടുണ്ട്. ഈ സ്ത്രീ പലരേയും സാമ്പത്തികമായി വഞ്ചിച്ചിട്ടുണ്ട്. പക്ഷെ ആ വഞ്ചിക്കപ്പെട്ടതിൽ പരാതി ലഭിച്ച ഉടൻതന്നെ പോലീസ് ആക്ട് ചെയ്യുകയും അവരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഞാൻ ഈ സഭയ്ക്ക് ഉറപ്പുനൽകിയതുപോലെ ഇപ്പോൾ നടത്തിയതും നേരത്തെ നടത്തിയതുമായ കേസ്സുകളിൽ ഒന്നിൽനിന്നും ഒരാളും രക്ഷപ്പെടില്ല. അങ്ങ് ജയിലിൽ ആണ് പ്രസവം എന്നുപറഞ്ഞു. ആ കാലം മാത്രം പറഞ്ഞില്ല. അന്നും ചില കേസ്സുകളുണ്ട്. അതുൾപ്പെടെയുള്ള എല്ലാ കാര്യങ്ങളും പോലീസ് പ്രത്യേകമായി പരിശോധിക്കും. അതിന്റെ പേരിൽ നടപടിയുമുണ്ടാകും. പല ജില്ലകളിലായതുകൊണ്ടാണ് പ്രത്യേക ടീമിനെ നിയമിക്കാനായി ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. അങ്ങ് എമർജിംഗ് കേരളയിൽ വന്ന ഒരു പ്രോജക്ടാണ് ഇതെന്ന് പറഞ്ഞു. നിങ്ങളുടെ വിശദീകരണ കുറിപ്പ് കണ്ടയുടൻ ഞാൻ ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റിൽ അന്വേഷിച്ചപ്പോൾ എമർജിംഗ് കേരളയിൽ വന്ന പ്രോജക്ടല്ല എന്ന മറുപടി

യാണ് എനിക്ക് കിട്ടിയിരിക്കുന്നത്. വളരെ പെട്ടെന്ന് ചെക്ക് ചെയ്തതാണ്. ഒന്നു കൂടി ഞാൻ ഈ വിഷയം പരിശോധിക്കും. വ്യാപകമായിട്ടുള്ള തട്ടിപ്പ് നടന്നിട്ടുണ്ട് എന്ന് അങ്ങ് പറഞ്ഞതിനോട് പൂർണ്ണമായി യോജിക്കുന്നു. അതു പോലെതന്നെ ഈ കുറ്റവാളിയെ തിരിച്ചറിഞ്ഞില്ല എന്നുപറഞ്ഞതിനെ ഞാൻ നിഷേധിക്കുന്നില്ല. എന്റെ ഓഫീസിൽ ധാരാളം ആളുകൾ വരും. എം.എൽ. എ.-മാരെല്ലാം അവിടെ വന്നിട്ടുണ്ട്. അവർക്കൊക്കെ അവിടെയുള്ള നിയന്ത്ര ണങ്ങളേയും കാര്യങ്ങളേയും കുറിച്ച് അറിയാൻ കഴിയും. പക്ഷെ നമ്മൾ എന്ത് നടപടി സ്വീകരിക്കുന്നു എന്നുള്ളതാണ് പ്രധാനം. നമുക്ക് ഓരോരുത്ത രുടേയും മുഴുവൻ കാര്യങ്ങളും അറിഞ്ഞതിനുശേഷമോ അവർ തരുന്ന നിവേദനം ഒരു സ്ഥലത്തേക്ക് അയയ്ക്കുകയുള്ളൂ എന്നുപറഞ്ഞാൽ അത് കുറച്ച് ബുദ്ധിമുട്ടുള്ള കാര്യമാണ്. പക്ഷെ ഏതെങ്കിലും വിധത്തിൽ കുറ്റവാ ളിയെ സഹായിക്കുന്നതിനുവേണ്ടിയുള്ള നടപടി ഞാൻ സ്വീകരിച്ചിട്ടുണ്ടെ ങ്കിൽ നിങ്ങൾക്ക് എന്നെ കുറ്റംപറയാം, വിമർശിക്കാം എനിക്കെതിരെ ശക്ത മായ നിലപാടെടുക്കാം. പക്ഷെ അതില്ലാതെയുള്ള ഒന്നിനോട് യോജിക്കാൻ നിവൃത്തിയില്ല. ഇവിടെ ഞാൻ ഉപയോഗിക്കുന്ന ടെലഫോണിനെക്കുറിച്ച് പറ ഞ്ഞു. എനിക്ക് മൊബൈൽഫോണില്ല. എന്റെകൂടെയുള്ളവരുടെ ഫോണാണ് ഞാൻ ഉപയോഗിക്കുന്നത്. ഏറ്റവുംകൂടുതൽ ഞാൻ ഉപയോഗിക്കുന്ന ഫോണുകൾ മറ്റ് ഫോണുകളാണ്. പക്ഷെ നിങ്ങൾ ഒന്ന് ധരിക്കണം, വിളിച്ച കോളുകളുടെ നമ്പർ, സമയം തുടങ്ങി അതുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങളു മെല്ലാം അറിയാനുള്ള സൗകര്യം ഇപ്പോഴുണ്ട്. അതുകൊണ്ടാണ് സ്വതന്ത്രമാ യിട്ടുള്ള അന്വേഷണം നടക്കട്ടെ എന്നുപറഞ്ഞത്. ഒരുവിധത്തിലും ഒന്നും മറച്ചുവയ്ക്കാൻ പറ്റാത്ത സാഹചര്യമാണുള്ളത്. അതുകൊണ്ടുതന്നെയാണ് സ്പീക്കർ ചോദിച്ചപ്പോൾത്തന്നെ അന്വേഷണം നടക്കട്ടെ എന്ന് ഞാൻ

പറഞ്ഞത്. ചർച്ച എത്ര നടത്തിയാലും അത് അധികമാകില്ല. സമയത്തിന്റെ പരിമിതി മാത്രമേയുള്ളൂ. ചർച്ച നടത്തുമ്പോൾ പരസ്പരം കാര്യങ്ങൾ മനസ്സി ലാക്കാൻ കഴിയും എന്നുള്ള കാര്യത്തിൽ സംശയമില്ല. ഇവിടെ കുറ്റം ചെയ്തിട്ടുള്ള ഒരാളും രക്ഷപ്പെടില്ല, അതിന്റെപേരിൽ കർശനമായ നടപടിയെ ടുക്കും. എല്ലാ കാര്യങ്ങളെ സംബന്ധിച്ചും ശക്തമായ നടപടി ആയിരിക്കും സ്വീകരിക്കുന്നതെന്ന് ഞാൻ ഉറപ്പുനൽകുന്നു. അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവെച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു).

പ്രതിപക്ഷ ഉപനേതാവ് (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയിൽ നിന്ന് പ്രതീക്ഷിച്ച ഒരു മറുപടിയല്ല ഇവിടെ ഉണ്ടായത്. അങ്ങ് ഈ കാര്യത്തിൽ ഒരു ഉയർന്ന സമീപനം സ്വീകരിക്കുമെ ന്നായിരുന്നു ഞങ്ങൾ പ്രതീക്ഷിച്ചിരുന്നത്. ഇവിടെ പ്രശ്നം, തട്ടിപ്പ് കേസ് ഗവൺമെന്റ് അന്വേഷിക്കുന്നതിനെക്കുറിച്ചല്ല, നിരവധി തട്ടിപ്പു കേസ്സിൽപ്പെട്ട ഒരു പ്രതിയുമായി മുഖ്യമന്ത്രിയുടെ ഓഫീസിനുള്ള ബന്ധം, ഇതാണ് ഇവിടത്തെ പ്രശ്നം. ഇത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്താൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവിട്ടിട്ടുണ്ടോ? അത് സംബന്ധിച്ച് മുഖ്യമന്ത്രി സഭയിൽ മൗനമാണ് പാലിച്ചത്. ആരോപണവിധേയൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടൊപ്പം നടക്കുന്ന സന്തതസഹചാരിയായി ട്ടുള്ള ഒരു ജീവനക്കാരനാണ്. ആ ജീവനക്കാരൻ ഇന്നും മുഖ്യമന്ത്രിയുടെ സ്റ്റാഫിലുണ്ട്. ആ വ്യക്തിയെ മുഖ്യമന്ത്രിയുടെ സ്റ്റാഫിൽ നിന്നും

ഒഴിവാക്കിയിരിക്കുന്നു, മാറ്റിനിറുത്തിയിരിക്കുന്നു എന്ന് പ്രഖ്യാപിച്ചുകൊണ്ട് മുഖ്യമന്ത്രി ഈ പ്രശ്നത്തെ നേരിടുമെന്നായിരുന്നു ഞാൻ പ്രതീക്ഷിച്ചത്. മുഖ്യമന്ത്രിയുടെ സ്റ്റാഫിൽപ്പെട്ടിട്ടുള്ള ആൾക്ക് മാത്രമല്ല ബഹുമാനപ്പെട്ട മുഖ്യ മന്ത്രിക്കും ഇതിൽ പങ്കുണ്ട്. അല്ലെങ്കിൽ എന്തിനാണ് ബഹുമാനപ്പെട്ട മുഖ്യമ ന്ത്രിക്ക് ആരോപണവിധേയനായിട്ടുള്ള വ്യക്തിയെ സംരക്ഷിക്കേണ്ട കാര്യം? എനിക്ക് സ്വന്തമായി മൊബൈൽ ഫോൺ ഇല്ല എന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. പക്ഷെ അദ്ദേഹത്തിനൊരു മൊബൈൽ ഫോൺ നമ്പർ വെബ്സൈറ്റിൽ കൊടുത്തതായി കാണുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഫോൺ നമ്പർ അല്ലെങ്കിൽ താങ്കൾ ഉടനെ നിഷേധിക്കണം, പരസ്യപ്പെടുത്തണം. 9495655500 എന്ന നമ്പറാണ് വെബ്സൈറ്റിലുള്ളത്. ഈ നമ്പറിലല്ല വിളിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേതായി വെബ്സൈ റ്റിൽ ഒരു മൊബൈൽ നമ്പർ കിടക്കുന്നുണ്ട്. ഈ മൊബൈൽ നമ്പറിൽ വിളിച്ചാൽ മുഖ്യമന്ത്രിയെ കിട്ടില്ല. ഫോൺ ചെയ്തത് മുഴുവൻ മറ്റൊരു നമ്പ റിലാണ്. ആ നമ്പർ എന്ന് പറയുന്നത് 9447274799. ഈ നമ്പറാണ് ബഹുമാ നപ്പെട്ട മുഖ്യമന്ത്രിയോടൊപ്പം എല്ലാ സമയത്തും കാണുന്ന പി.എ.-യുടെ നമ്പർ. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് മൊബൈൽ ഫോൺ നമ്പറില്ല. ഇവിടെ പ്രതിക്കൂട്ടിൽ നിൽക്കുന്നത് സ്വന്തമായി മൊബൈൽ ഫോൺ ഇല്ലാത്ത രണ്ട് വ്യക്തികളാണ്. ഒന്ന്, സ്വന്തമായി മൊബൈൽ ഫോൺ ഇല്ലാത്ത മുഖ്യ മന്ത്രിയും രണ്ട്, സ്വന്തമായി മൊബൈൽ ഫോൺ ഇല്ലാത്ത പ്രതി സരിത എസ്. നായരുമാണ്. സ്വന്തമായി മൊബൈൽ ഫോൺ ഇല്ലാത്ത ഈ രണ്ട് ആളുകളും ആരുമായിട്ടാണ് ബന്ധപ്പെട്ടത്, ഇത്രയും നമ്പറിൽ ആരെയാണ് വിളിച്ചത്, 70 ടെലഫോൺ കോളുകൾ ചെയ്തുവെന്നതിനെ സംബന്ധിച്ചുള്ള

ടെലഫോൺ ഡീറ്റയിൽസ് കൈരളി ടി.വി.യിൽ സംപ്രേഷണം ചെയ്തു. ആ ടി.വി.യിൽ സംപ്രേഷണം ചെയ്തതിന്റെ സി.ഡി.യും ഇവർ വിളിച്ചിട്ടുള്ള എല്ലാ കോൾ ഡീറ്റയിൽസും ഞാൻ മേശപ്പുറത്തു വയ്ക്കാം. ഇത് സംബന്ധിച്ച് പരിശോധിച്ചുകൊണ്ട് എന്തിനാണ് ഇത്തരത്തിൽ ബന്ധപ്പെട്ടത് എന്നതിനെ സംബന്ധിച്ച് ഒരു അന്വേഷണം നടത്താൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകുമോ? തട്ടിപ്പുകേസുകളെ സംബന്ധിച്ച് സുതാര്യമായി അന്വേഷിക്കാമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ, ഞാൻ നേരത്തെ എല്ലാകാര്യങ്ങളും വ്യക്തമാക്കിയതാണ്. ഇത് ഉൾപ്പെടെയുള്ള എല്ലാ കാര്യങ്ങളുമാണ് അന്വേഷിച്ചുകൊണ്ടിരിക്കുന്നത്. സ്പെഷ്യൽ ടീമിനെ ഉപയോഗിച്ചാണ് ഈ കേസ് അന്വേഷിക്കുന്നത്. അതിൽ ഈ കാര്യങ്ങളെല്ലാം ഉൾപ്പെടും. ഓരോ ഫോൺ കോളും, വിളിച്ച സമയം ഉൾപ്പെടെ എല്ലാ ഡീറ്റയിൽസും വ്യക്തമാകും. 70 ഫോൺ കോളുകൾ എന്ന് പറയുന്നത് ഒരു നിശ്ചിത സമയത്തിനുള്ളിലാണെന്നാണ് ശ്രീ. രാജു എബ്രഹാം പ്രസംഗിച്ചപ്പോൾ പറഞ്ഞത്. അങ്ങനെയാണെങ്കിൽ അതിന് മുമ്പും ശേഷവുമുള്ള ഫോൺ കോളുകളും കൂടി പരിശോധിക്കേണ്ടതായി വരും. അതും പരിശോധിക്കുന്നതാണ്. ശ്രീ. രാജുഎബ്രഹാം പറഞ്ഞതിൽ ആ ആസ്പെക്ടും പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ ആശങ്കയ്ക്ക് ഒരു അടിസ്ഥാനമില്ല. അത് ഉൾപ്പെടെയുള്ള കാര്യമാണ് പരിശോധിക്കുന്നത്. ഇതൊരു നിശ്ചിത സമയത്തിനകത്ത് വന്ന ഫോൺ കോൾ ആണെന്നാണ് ശ്രീ. രാജു എബ്രഹാം പറഞ്ഞത്. അതിന് മുമ്പും ശേഷവും വന്ന ഫോൺ കോളുകൾ പരിശോധിക്കുമ്പോൾ ഇതിനേക്കാൾ കൂടുതൽ ഫോൺ

കോൾ വരുമെന്ന് പറഞ്ഞു. കൂടുതൽ വരുന്ന ഫോൺ കോളുകളും പരിശോധിക്കുന്നതാണ്. ഓരോ കോളും വിളിച്ച സമയവും കാര്യങ്ങളും ഉൾപ്പെടെ പരിശോധിക്കാൻ വേണ്ടി ഒരു സ്പെഷ്യൽ ടീമിനെ നിയോഗിക്കുന്നതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഈ അന്വേഷണം മുഴുവൻ നടത്താൻ പോകുന്നത് താങ്കളുടെ കീഴിലുള്ള പോലീസ് ഉദ്യോഗസ്ഥരല്ലേ? ജോപ്പൻ എന്ന ആളല്ലെ ആ ടീമിനെ നയിക്കാൻ പോകുന്നത്? അവരെയും ഫോൺ ചെയ്യാൻ പോകുന്നത് ഈ പി.എ. തന്നെയല്ലേ? ആ പി.എ. യെ അവിടെ ഇരുത്തിക്കൊണ്ട് നിങ്ങളുടെ പോലീസ് അന്വേഷണം നടത്തിയാൽ ഇതിൽ എന്ത് കണ്ടുപിടിക്കാനാണ്? ഇത് സംബന്ധിച്ച് ഒന്നും കണ്ടുപിടിക്കാൻ പോകുന്നില്ല. അതിന്റെ ഏറ്റവും വലിയ തെളിവാണ് ഈ പറയുന്ന പി. എ. –യെ നിങ്ങൾ സംരക്ഷിച്ച് നിറുത്തിയിരിക്കുന്നത്. അപ്പോൾ ഇത് കൊടുക്കുന്ന സന്ദേശമെന്താണ്? മുഖ്യമന്ത്രിയുടെ ഓഫീസിന് പങ്കുണ്ടെന്നുള്ള ആക്ഷേപംപോലും സുതാര്യമായി അന്വേഷിക്കാൻ താങ്കൾ തയ്യാറല്ല. അങ്ങനെ വന്നാൽ ഈ ആരോപണ വിധേയനായ വ്യക്തി മുഖ്യമന്ത്രിയുടെ കൂടെ നടക്കുമ്പോൾ ഈ തട്ടിപ്പുകേസ്സിന്റെ അന്വേഷണത്തിന്റെ സ്ഥിതി എന്താകും? ഈ തട്ടിപ്പ് കേസ് അന്വേഷിക്കുന്ന ഉദ്യോഗസ്ഥന്മാർ എങ്ങനെ ഈ കേസ് അന്വേഷിക്കും? അവർക്ക് മുഖ്യമന്ത്രിയുടെ ഓഫീസിലെ ഒരു പി. എ. യെ കാണുമ്പോൾ ഭയമുണ്ടാകില്ലേ? അങ്ങനെ നിഷ്പക്ഷമായി അന്വേഷിക്കാൻ പറ്റുന്ന ഏത് പോലീസ് ഉദ്യോഗസ്ഥരാണ് കേരളത്തിലുള്ളത്? അങ്ങനെയുള്ള സാഹചര്യത്തിൽ ഈ കേസ്സിന്റെ അന്വേഷണം ഈ തട്ടിപ്പുകാരിക്ക് അനുകൂലമായി നടത്തിയാൽ അത് എങ്ങനെ നടക്കും? ഈ സ്ത്രീ നേരത്തെയും പ്രതിയായിരുന്നുവെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. നേരത്തെയും പ്രതിയായി ജയിലിൽ കിടന്ന ഒരാളുമായി മുഖ്യമന്ത്രി

യുടെ ഓഫീസ് ബന്ധപ്പെടുമ്പോൾ ശ്രദ്ധിക്കണ്ടേ? ഇവർ ആദ്യമായി പ്രതിയായതല്ലല്ലോ? നിരവധി കേസ്സുകളിൽ പ്രതിയായ ഒരാൾ മുഖ്യമന്ത്രിയുടെ ഓഫീസിൽ വരുമ്പോൾ അത് സംബന്ധിച്ച് മനസ്സിലാക്കാൻ എന്തുകൊണ്ട് പോലീസ് ഉദ്യോഗസ്ഥർക്ക് സാധിച്ചില്ല? പ്രതിയായ ഈ സ്ത്രീയെ സംബന്ധിച്ചുള്ള ഇന്റലിജൻസ് റിപ്പോർട്ട് നിങ്ങൾക്ക് കിട്ടിയിട്ടില്ലേ? അവർ എന്തുകൊണ്ട് മുന്നറിയിപ്പ് നൽകിട്ടില്ല? ആ മുന്നറിയിപ്പുകൾ അവഗണിച്ചുകൊണ്ട് എന്തിനാണ് ഫോണിൽ ബന്ധപ്പെട്ടത്? മാത്രമല്ല പി.എ. ഫോണിൽ ബന്ധപ്പെട്ടുവെന്ന് മാത്രമല്ല അങ്ങയുടെ വീട്ടിലെ ഫോണിൽ നിന്നും എന്തിനാണ് അങ്ങോട്ട് വിളിച്ചത്? ഇങ്ങോട്ട് ഫോൺ കോൾ വന്നതല്ല. മുഖ്യമന്ത്രിയുടെ വീട്ടിലും നമ്മുടെയൊക്കെ വീടുകളിലും ആരും ഫോൺ വിളിച്ചുവെന്നിരിക്കും. എന്തിനാണ് മുഖ്യമന്ത്രിയുടെ വീട്ടിൽ നിന്നും അങ്ങോട്ട് ഫോൺ വിളിച്ചത്? ഈ ഫോൺ കോൾ ആരാണ് ചെയ്തത്? ഇതുസംബന്ധിച്ചതാണ് ഇവിടെ ഉയർന്നുവന്നിരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. മുഖ്യമന്ത്രിയുടെ ഓഫീസ് കുറ്റവാളികളുടെ ഒരു കേന്ദ്രമായി മാറാൻ പാടില്ല. മുഖ്യമന്ത്രിയുടെ ഈ സുതാര്യ മുഖം വലിച്ച് കീറപ്പെട്ടില്ലേ? ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സഭയിൽ ആർജ്ജവത്തോടുകൂടി പറയാമായിരുന്നു. ഇതാ ആരോപണ വിധേയനായിട്ടുള്ള അയാളെ ഞാൻ മാറ്റി നിറുത്തിയിരിക്കുന്നു, ഞാൻ അന്വേഷണത്തിന് ഉത്തരവിട്ടിരിക്കുന്നു. അങ്ങനെ ഉത്തരവിട്ടിട്ടുണ്ടായിരുന്നെങ്കിൽ ഞങ്ങൾ മുഖ്യമന്ത്രിയെ സ്വാഗതം ചെയ്യുമായിരുന്നു. ഇതാണ് മുൻകാലത്തെ കോൺഗ്രസ്സ് നേതാക്കന്മാർ കാണിച്ചിട്ടുള്ള മാതൃക. ആ മാതൃക എന്തുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സ്വീകരിക്കാൻ സാധിക്കുന്നില്ല. സുതാര്യഭരണമാണെന്ന് പറഞ്ഞിട്ടാണല്ലോ, ഇന്നലെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞില്ലേ? മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നും കൈക്കൂലി

വാങ്ങുന്ന ദൃശ്യം ടി.വി.യിൽ വന്നില്ലേ? അതിന്റെ പേരിൽ നിങ്ങൾ എന്ത് നടപടിയാണ് എടുത്തത്? ആ രണ്ടാളുടേയും പേരിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തോ? കൈക്കൂലി വാങ്ങുന്നവരെ സുതാര്യമായി ഒതുക്കിത്തീർത്ത ഈ പ്രശ്നം ഇന്നലെ പ്രതിപക്ഷ നേതാവ് ഇവിടെ പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന് മറുപടി നൽകിയോ? ഇത്തരത്തിലുള്ള കേസുകൾ അന്വേഷിക്കുന്നത്, വീണ്ടും സാമ്പത്തികമായി തട്ടിപ്പ് നടത്തുന്ന ആളുമായിട്ടുള്ള പരിപാടിക്ക് എന്തിനാണ് അങ്ങയുടെ മന്ത്രിസഭയിലെ ഒരു മന്ത്രി ഉദ്ഘാടനത്തിന് പോയത്? ആ മന്ത്രിയെന്ന് പറയുന്നത് മുഖ്യമന്ത്രിയുമായി ഏറ്റവും അടുത്ത് ബന്ധമുള്ള വ്യക്തിയാണ്. മാത്രമല്ല സൗരോർജ്ജത്തിന്റെ മന്ത്രിയല്ല ഉദ്ഘാടനത്തിന് പോയത്. സൗരോർജ്ജവുമായി ബന്ധമില്ലാത്ത ഒരു മന്ത്രി എന്തിനാണ് ഈ പദ്ധതിക്ക് ഉദ്ഘാടനം ചെയ്യാൻ പോയത്? ഇത് ഭരണകൂടത്തിന്റെ ഭാഗമായി തട്ടിപ്പ് സംഘം പ്രവർത്തിക്കുകയായിരുന്നു. അതുകൊണ്ടാണ് പോലീസിനെ സ്വാധീനിക്കാൻ പോലീസ് അസോസിയേഷന്റെ സമ്മേളനം ഇവർ സ്പോൺസർ ചെയ്ത് കൊടുത്തത്. ഈ പണം ഉപയോഗിച്ചുകൊണ്ട് എന്തെല്ലാം കാര്യങ്ങളാണ് ഇവർ ചെയ്തത്? ആരുടേതും സ്പോൺസർ ചെയ്യാൻ തയ്യാറായി. സർക്കാരിന്റെ ഒരു പരിപാടിക്ക് 40 ലക്ഷം രൂപ കൊടുത്തതായിട്ടാണ് പത്രത്തിൽ കണ്ടത്. ഈ തട്ടിപ്പ് സംഘത്തിന്റെ പണം ഉപയോഗിച്ചുകൊണ്ട് സർക്കാരിന്റെ പരിപാടി നടത്തുക, പോലീസ് അസോസിയേഷന്റെ പരിപാടി നടത്തുക, ഈ സ്ഥിതിയിലേയ്ക്ക് കാര്യങ്ങളെത്തിയാൽ പോലീസിനെ ഈ കേസ് അന്വേഷിക്കാൻ വേണ്ടി നിശ്ചയിച്ചിരിക്കുന്നത് ആരാണ്? പോലീസ് അസോസിയേഷൻ സ്പോൺസർ ചെയ്ത അതിന്റെ ആനുകൂല്യം പറ്റിയ ആളുകൾ ഈ കേസ് അന്വേഷിച്ചാൽ

എന്തുചെയ്യും? അതുകൊണ്ട് ഈ കേസിന്റെ അന്വേഷണം നിഷ്പക്ഷമായി നടത്താൻ നിങ്ങൾക്ക് സാധിക്കുമോ? ഇപ്പോൾ മുഖ്യമന്ത്രി പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഈ കേസ് ഒന്നും നടക്കാൻ പോകുന്നില്ലായെന്ന് വ്യക്തമായിക്കഴിഞ്ഞു. ഇവർക്കെല്ലാം തന്നെ സംരക്ഷണം, ഇത് ഞങ്ങളുടെ ഭരണത്തിൽ തരാം എന്നല്ലേ ഇതിന്റെ അർത്ഥം. ഈ തട്ടിപ്പ് കേസ് ഒതുക്കിത്തീർക്കാൻ അങ്ങയുടെ വകുപ്പിലെ ഒരു ഡിവൈ.എസ്.പി. ഇടപെട്ടുവെന്ന് ശ്രീ. രാജൂ എബ്രഹാം ഇവിടെ ആരോപിച്ചില്ലേ? അതിൽ എന്താണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയാത്തത്? ആ ഡിവൈ.എസ്.പി.-യുടെ പേരിൽ നടപടി സ്വീകരിക്കുമോ? ഈ തട്ടിപ്പ് കേസ് ഒതുക്കിത്തീർക്കാൻ അങ്ങയുടെ ഡിപ്പാർട്ടുമെന്റിലെ ഡിവൈ.എസ്.പി. ഇടപെട്ട് കേസ് മദ്ധ്യസ്ഥം പറയണമെന്ന് പറഞ്ഞില്ലേ? ഉന്നതന്മാരായ പോലീസ് ഉദ്യോഗസ്ഥന്മാർക്ക് ബന്ധമുള്ള, ഈ തട്ടിപ്പ് സംഘത്തെ പിടികൂടാൻ നിങ്ങളുടെ പോലീസിന് എങ്ങനെയാണ് സാധിക്കുന്നത്? സാധിക്കില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ന് പ്രതിക്കൂട്ടിൽ നിൽക്കുകയാണ്. ഇത്തരം പ്രശ്നങ്ങൾ ഇവിടെ ഉന്നയിക്കുന്നതിൽ ഞങ്ങൾക്ക് വിഷമമുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്നുള്ള നിലയിൽ വ്യക്തിപരമായി സംസാരിക്കുന്നതിൽ ഞങ്ങൾക്ക് വിഷമമുണ്ട്. ഞങ്ങൾ ധരിച്ചത് അതിൽ നിന്നും ഞങ്ങളെ ഒഴിവാക്കിത്തരും. മുഖ്യമന്ത്രി സഭയിൽ വന്നിട്ട് പറയും ഇതാ ഞാൻ എല്ലാ അന്വേഷണത്തെയും നേരിടാൻ തയ്യാറാണ്. അങ്ങ് ഇതിനുമുമ്പ് അങ്ങനെയുള്ള നിലപാടാണല്ലോ സ്വീകരിച്ചത്? ഇപ്പോൾ എന്തുകൊണ്ടാണ് അങ്ങനെ സ്വീകരിക്കാൻ സാധിക്കാത്തത്? ഗൂഢമായിട്ടുള്ള ബന്ധം മുഖ്യമന്ത്രിയുടെ ഓഫീസുമായിട്ടുള്ളതുകൊണ്ടല്ലേ? ഇത്തരത്തിലുള്ള ഒരു നിലപാട്, ഒരു സ്റ്റാഫിനെപ്പോലും കയ്യൊഴിയാൻ അങ്ങ് സന്നദ്ധമാകാത്തത് എന്തുകൊണ്ടാണ്?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, അങ്ങ് ഇതുമുഴുവൻ twist ചെയ്താണ് സംസാരിക്കുന്നത്. പൂർണ്ണവിവരങ്ങൾ അറിയാതെ എനിക്ക് രക്ഷപ്പെടാൻവേണ്ടി ഒരാളെ ബലിയാടാക്കുന്ന സ്വഭാവക്കാരനല്ല ഞാനെന്നാണ് ഞാനിവിടെ പറഞ്ഞത്. ഇതുൾപ്പെടെയുള്ള കാര്യങ്ങളാണ് അന്വേഷിക്കാൻ പറഞ്ഞിട്ടുള്ളത്. ഞാൻ ആരെയോ സംരക്ഷിക്കാൻ ശ്രമിക്കുന്നു എന്ന നിലയിലാണ് അങ്ങ് സംസാരിക്കുന്നത്. ഞാൻ ആരെയും സംരക്ഷിക്കാൻ ശ്രമിക്കുന്നില്ല, സംരക്ഷിക്കുകയുമില്ല. അതുപോലെ എനിക്ക് രക്ഷപ്പെടാൻവേണ്ടി മറ്റൊരാളെ ബലിയാടാക്കരുതെന്ന നിർബന്ധവും എനിക്കുണ്ട്. ഒരാൾ കുറ്റം ചെയ്തോ ഇല്ലയോ എന്ന് ബോധ്യം വരുന്ന സാഹചര്യത്തിൽ മാത്രമേ നടപടിയെടുക്കാൻ സാധിക്കുകയുള്ളൂ. ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ഇവിടെ ഇത്രയും ശക്തമായി പറഞ്ഞ സ്ഥിതിക്ക് ഈ വിഷയത്തെ സംബന്ധിച്ച് Interim Report ആവശ്യപ്പെടാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, താങ്കളെ വ്യക്തിപരമായി കരിതേച്ചുകാണിക്കണമെന്ന ഉദ്ദേശ്യത്തോടെയല്ല പറയുന്നത്. ഇതിൽ prima facie വ്യക്തമായ തെളിവുകളുണ്ട്. ടെലിഫോൺ ചെയ്തു എന്നത് സത്യമല്ലേ. (കാൾ ഡീറ്റെയിൽസും മറ്റും ഉയർത്തിക്കാണിക്കുന്നു). അങ്ങയുടെ പേര് ആരെങ്കിലും ദുരുപയോഗപ്പെടുത്തുന്നുണ്ടോയെന്ന് അങ്ങ് പരിശോധിക്കണം. ഡൽഹിയിൽ മധ്യവയസ്കനായ ഒരു 'പാവം പയ്യൻ' ഉണ്ടെന്നും ഔദ്യോഗിക പദവികളൊന്നുമില്ലാതെ മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയാണെന്നുപറഞ്ഞ് ഡൽഹിയിൽ ഭരണം ആരംഭിച്ചിട്ടുണ്ടെന്നും ഇന്ന് പുതിയൊരു വാർത്ത

വന്നിട്ടുണ്ട്. പ്രോട്ടോക്കോൾ പ്രകാരം കേരള ഹൗസിലെ 204–ാം നമ്പർ മുറി മുഖ്യമന്ത്രി, പ്രതിപക്ഷനേതാവ്, മന്ത്രിമാർ തുടങ്ങിയ വി.വി.ഐ.പി.കൾക്കാണ് കൊടുക്കുന്നത്. സാധാരണ മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയോ സ്പെഷ്യൽ സെക്രട്ടറിയോ താമസിക്കുന്ന 203–ാം നമ്പർ മുറി എങ്ങനെ ഈ പാവം പയ്യന് കിട്ടി. സ്വകാര്യ വ്യക്തികൾക്ക് കേരള ഹൗസിലെ പ്രധാന ബ്ലോക്കിൽ താമസിക്കാൻ സൗകര്യം കൊടുക്കാറുണ്ടോ; ഇയാളെങ്ങനെയാണ് അവിടെ താമസിക്കുന്നത്? മുഖ്യമന്ത്രിയുടെ ഡൽഹിയിലെ എല്ലാ പരിപാടികളും ക്രമീകരിക്കുന്നത് ഈ വ്യക്തിയാണെന്ന് പറയുന്നു. ഈ വ്യക്തി താങ്കളുടെ മകൻ ചാണ്ടി ഉമ്മന്റെ ആളാണെന്നും പറയുന്നു. ഇതെല്ലാം പത്രത്തിലുള്ളതാണ്. ഇതെല്ലാം നിഷേധിക്കുന്നില്ലെങ്കിൽ അങ്ങയുടെ പേരാണ് മോശമാകാൻ പോകുന്നത്. കേരള ഹൗസിൽ കാറ്ററിംഗ് വിഭാഗത്തിലും ഹൗസ് കീപ്പിംഗ് വിഭാഗത്തിലുമായി ഇയാൾ ഒരു വർഷത്തിനുള്ളിൽ മൂന്ന് നിയമനം നടത്തിയത് അങ്ങ് അറിഞ്ഞിട്ടുണ്ടോ. പ്രതിമാസം 20000 രൂപ ശമ്പളത്തിൽ ട്രാവൻകൂർ ഹൗസിൽ ഡോർമെറ്ററി മാനേജരായി ഒരു സ്ത്രീയെ നിയമിച്ചു. അങ്ങ് ഇന്ന് ഇത് സംബന്ധിച്ച് അന്വേഷിച്ച് വിവരം പറഞ്ഞാൽ മതി.

ശ്രീ. ഉമ്മൻ ചാണ്ടി: ശ്രീ. കോടിയേരി ബാലകൃഷ്ണൻ, മുഖ്യമന്ത്രിക്കുപോലും നേരിട്ട് നിയമനം നടത്താൻ അധികാരമില്ല. പിന്നെ അങ്ങ് എന്താണ് പറയുന്നത്?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, താൽക്കാലികമായാണ് നിയമിച്ചിരിക്കുന്നത്. പ്രതിമാസ ശമ്പളമായി 20000 രൂപ ആ സ്ത്രീ കൈപ്പറ്റി

ക്കൊണ്ടിരിക്കുകയാണ്. മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരമാണ് നിയമനമെന്നാണ് കൺട്രോളർ പറയുന്നത്.

മി. സ്പീക്കർ: ശ്രീ. കോടിയേരി ബാലകൃഷ്ണൻ, പ്ലീസ് കൺക്ലൂഡ് .... പ്ലീസ്.......

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇതൊന്ന് ക്ലിയർ ചെയ്തോട്ടെ.

മി. സ്പീക്കർ: യെസ് ...... പ്ലീസ് ....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഡൽഹിയിൽനിന്ന് പറയുന്നത് പാവം പയ്യനാണ് ഇതിന്റെ ആളെന്നാണ്. അങ്ങ് ഉടൻതന്നെ ഇക്കാര്യത്തിൽ ഇടപ്പെട്ട് ഇത് തിരുത്തുന്നില്ലെങ്കിൽ പാവം പയ്യൻ അങ്ങയെയും കൊണ്ട് പോകും. നേരത്തെ ഇവിടെ കെ. കുരണാകരനെയും കൊണ്ട് നടന്ന ഒരു പാവം പയ്യനുണ്ടായിരുന്നു. അതുപോലെ ഒരു പാവം പയ്യനെ ബഹുമാനപ്പെട്ട ഉമ്മൻചാണ്ടിക്കും കിട്ടി. ഈ പാവം പയ്യനുമായി അങ്ങേയ്ക്ക് ബന്ധമില്ലെ ങ്കിൽ അയാളുമായി ഒരു ബന്ധവുമില്ലെന്ന് ഇന്നുതന്നെ പ്രഖ്യാപിക്കുകയും കേരള ഹൗസിൽനിന്ന് ഇന്നുതന്നെ അയാളെ പുറത്താക്കുകയും വേണം. അങ്ങനെയൊരാളുണ്ടെങ്കിൽ എന്റെ കാര്യങ്ങളൊക്കെ നോക്കാൻവേണ്ടി ഇങ്ങനെയൊരാളെ ഞാൻ അവിടെ നിയമിച്ചിട്ടുണ്ടെന്ന് അങ്ങിവിടെ പറയണം. അതുകൊണ്ട് മുഖ്യമന്ത്രിയെ സംബന്ധിച്ച് ഇപ്പോൾ വന്നിരിക്കുന്ന ആക്ഷേപ ങ്ങളെല്ലാം നോക്കുമ്പോൾ അങ്ങയുടെ ഈ പ്രശ്നം സംബന്ധിച്ചുള്ള വിശദീ കരണങ്ങളൊന്നുംതന്നെ ഞങ്ങൾക്ക് തൃപ്തികരമല്ല. ഒരു നിഷ്പക്ഷമായ അന്വേഷണത്തിന് മുഖ്യമന്ത്രി ആഗ്രഹിക്കുന്നുണ്ടെങ്കിൽ ഇത് സംബന്ധിച്ച് ഒരു ജുഡീഷ്യൽ അന്വേഷണം നടത്തണം. ജുഡീഷ്യൽ അന്വേഷണം നടത്താൻ മുഖ്യമന്ത്രി തയ്യാറാണോ? തയ്യാറാണെങ്കിൽ ഇന്നുതന്നെ അന്വേഷ ണത്തിന് ഉത്തരവിടണം. ആരോപണ വിധേയനായ സെക്രട്ടറിയെ

മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്നും മാറ്റി നിർത്തി അന്വേഷണത്തിനുത്തരവിട്ട് സുതാര്യമായ കേരളം എന്നുള്ള മുഖ്യമന്ത്രിയുടെ സ്വപ്നം നടപ്പിലാക്കാൻ ഈയൊരു സമീപനം സ്വീകരിക്കാൻ തയ്യാറുണ്ടോയെന്നാണ് ഞാൻ ചോദിക്കുന്നത്. ജുഡീഷ്യൽ അന്വേഷണത്തിന് മുഖ്യമന്ത്രി തയ്യാറാണോ? മുഖ്യമന്ത്രിക്ക് ഒന്നും മറച്ചുവയ്ക്കാനില്ലെങ്കിൽ ഒരു ജുഡീഷ്യൽ അന്വേഷണം നടക്കട്ടെ. ആരോപണ വിധേയനായ സെക്രട്ടറിയെ മാറ്റി നിർത്തി അന്വേഷണം നടത്തണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, എനിക്കൊന്നും മറച്ചുവയ്ക്കാനില്ലെന്ന് ഞാൻ വ്യക്തമായി പറഞ്ഞു. Interim Report കിട്ടിയതിനുശേഷം സ്വീകരിക്കുന്ന നടപടി ഞാൻ അറിയിക്കാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഈ കാൾ ഡീറ്റെയിൽസും മറ്റും മേശപ്പുറത്ത് വയ്ക്കുകയാണ്.

മി. സ്പീക്കർ: ഞാൻ പറയാം. ഇവിടെ മേശപ്പുറത്ത് ഒരു മെറ്റീരിയൽ വയ്ക്കണമെങ്കിൽ അത് മുൻകൂട്ടി സ്പീക്കറെ കാണിച്ച് സ്പീക്കറുടെ അനുവാദത്തോടുകൂടി മാത്രമേ മേശപ്പുറത്ത് വയ്ക്കാൻ കഴിയൂ. അതുകൊണ്ട് അങ്ങ് വച്ച ഈ മെറ്റീരിയലൊന്നും സഭയുടെ പ്രോപ്പർട്ടിയല്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സ്പീക്കറുടെ അനുമതിയില്ലെങ്കിൽ ഞാനിത് വയ്ക്കുന്നില്ല. ജുഡീഷ്യൽ അന്വേഷണം നടക്കുന്നുണ്ടെങ്കിൽ അവർക്ക് കൊടുക്കാം. ജുഡീഷ്യൽ അന്വേഷണം നടത്താത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ജുഡീഷ്യൽ അന്വേഷണം നടത്താത്തതിൽ പ്രതിഷേധിച്ച് ശ്രീ. കോടിയേരി ബാലകൃഷ്ണനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

<u>ശ്രീ. സി. ദിവാകരൻ</u>: സർ, കേരളത്തിലെ മുഖ്യമന്ത്രിക്കെതിരായി വളരെ നിർഭാഗ്യകരമായ, അപമാനകരമായ അക്ഷേപങ്ങളാണുയർന്നിരിക്കുന്നത്. ഇത് വളരെ ലജ്ജാകരമാണ്. കേരളത്തിലെ ജനങ്ങൾക്ക് അവരുടെ മുഖ്യമന്ത്രിമാരിൽ ഇതുപോലെ അപമാനകരമായ അപവാദങ്ങൾക്കും ആക്ഷേപങ്ങൾക്കും സംശയങ്ങൾക്കും വിധേയനായ അപൂർവം പേരിൽ ഒരാളാണ് അങ്ങ്. അങ്ങയുടെ രാഷ്ട്രീയ ജീവിതത്തിൽ സത്യസന്ധതയുടെ തരിമ്പെങ്കിലുമുണ്ടെങ്കിൽ അത് ജനങ്ങൾക്കുമുന്നിൽ തെളിയിക്കണം ആരോപണ വിധേയനായ ഞാൻ ഈ സ്ഥാനത്ത് തുടരുന്നില്ലെന്ന് പറയാനുള്ള ആർജ്ജവം അങ്ങ് കാണിക്കണം. മന്ത്രിപദവും മുഖ്യമന്ത്രിപദവുമെല്ലാം ഏത് സമയത്തും എല്ലാവർക്കും ലഭ്യമാണ്. പക്ഷേ ഇതുപോലെ വൃത്തികെട്ട, notorious ആയ സ്ത്രീയുമായി കേരളത്തിലെ മുഖ്യമന്ത്രിയുടെ ഓഫീസും അങ്ങയുടെ ജീവനക്കാരും അവിഹിതമായി നിരന്തരം ബന്ധപ്പെട്ടു എന്നത് ഈ നിയമസഭയിൽ ഉന്നയിക്കേണ്ടി വരുന്നതിൽ എന്നെപ്പോലെയുള്ള ആളുകൾക്ക് അതിയായ ദു:ഖമുണ്ട്. ഞങ്ങൾ ഇത് ഒരിക്കലും പ്രതീക്ഷിച്ചതല്ല. ഇത് രാജ്യത്തിന്റെ മുന്നിൽ ഉയർന്നുവന്നതാണ്. സത്യസന്ധനെന്ന് പേരെടുത്ത, സാധാരണ ഗതിയിൽ ആരോപണങ്ങൾക്ക് വിധേയനാകാത്ത അങ്ങ് ഗുരുതരമായ അപമാനത്തിനും ആരോപണത്തിനും വിധേയനായി വികൃതനായി കേരളത്തിലെ ജനങ്ങൾക്കുമുന്നിൽ നിൽക്കുക

യാണ്. തല്ക്കാലം ഈ സ്ഥാനം ഒഴിയുകയെന്ന ഒരു ഓപ്ഷൻ മാത്രമേ അങ്ങയുടെ മുന്നിലുള്ളൂ. സ്ഥാനം ഒഴിഞ്ഞ് ഞാൻ ഏത് അന്വേഷണം നേരിടാനും തയ്യാറാണെന്ന് ജനങ്ങളോട് പറയാനുള്ള തന്റേടമുണ്ടാകണം, രാഷ്ട്രീയ ആർജ്ജവമുണ്ടാകണം. കേരളത്തിലെ ജനങ്ങളെ അപമാനിക്കരുത്. ആരാണ് കേരളം ഭരിക്കുന്നത്? അങ്ങയുടെ ഓഫീസിലേയ്ക്ക് എന്നെപ്പോലെയുള്ള ആളുകൾ ഫോൺ ചെയ്തിട്ടുണ്ടോ? ഇതിപ്പോൾ എത്ര തവണയാണ് ഫോൺ ചെയ്തിരിക്കുന്നത്; എന്ത് കാര്യത്തിനാണ് ഫോൺ ചെയ്തത്; എന്ത് നിഗൂഢതയാണ് ഇതിലുള്ളത്; എന്താണ് താല്പര്യം; നിവേദനം നൽകാനാണോ; പരാതി പറയാനാണോ? ഒരിക്കലുമല്ല. ഒന്നോ രണ്ടോ തവണയല്ല ഫോൺ ചെയ്തിരിക്കുന്നത്. അങ്ങയുടെ മന്ത്രിസഭയിലെ ഒരു മന്ത്രി ഇതിൽ പ്രതിയാണ്, മുഖ്യമന്ത്രി പ്രതിയാണ്, ഡിവൈ.എസ്.പി. പ്രതിയാണ്, പോലീസ് അസോസിയേഷൻ പ്രതിയാണ്.

ഇതിൽ കൂടുതൽ എന്തുവേണം. ഒരുകാര്യവും അങ്ങിവിടെ നിഷേധിക്കുന്നില്ല. അങ്ങ് ഒരു interim report നെക്കുറിച്ചാണ് പറയുന്നത്. എന്തിനാണ് interim report? നിയമസഭയിൽ പ്രതിപക്ഷത്തെ വിശ്വാസത്തിലെടുക്കാൻ എന്തുകൊണ്ട് അങ്ങേയ്ക്ക് കഴിയുന്നില്ല. പ്രതിപക്ഷത്തിന് അങ്ങയോട് വിരോധമില്ല. ജനാധിപത്യത്തിൽ പ്രതിപക്ഷത്തെ വിശ്വാസത്തിലെടുത്തുകൊണ്ട് ഇക്കാര്യത്തിലൊരു ധീരമായ തീരുമാനമെടുക്കാൻ അങ്ങ് സന്നദ്ധനാകണം. അങ്ങ് ഇന്ന് രാത്രി ഉറങ്ങുമ്പോഴെങ്കിലും കേരളത്തിൽ എന്താണ് നടക്കുന്നതെന്ന് ആലോചിക്കണം. കുത്തഴിഞ്ഞ് അനാഥമായി ആർക്കും കയറി എന്തും ചെയ്യാൻ കഴിയുന്നതാണോ കേരളത്തിലെ മുഖ്യമന്ത്രിയുടെ

ഓഫീസ്. മുഖ്യമന്ത്രിയുടെ ഓഫീസും ഓഫീസ്ഫോണും വീട്ടിലെ ഫോണു മെല്ലാം ഇത്ര അനാഥമാണോ; അങ്ങയെ സ്നേഹിക്കുന്ന ജനങ്ങൾക്കത് ഇഷ്ട പ്പെടുമോ? ഏത് സാമൂഹ്യവിരുദ്ധ ശക്തികൾക്കും കൈകാര്യം ചെയ്യാൻ കഴിയുന്നതാണ് മുഖ്യമന്ത്രിയുടെ ഓഫീസ് എന്നുപറയുന്നത് അപമാനകര മല്ലേ. അതുകൊണ്ട് ഇക്കാര്യം സഭ നിർത്തിവച്ച് എന്തുകൊണ്ട് ചർച്ച ചെയ്തുകൂട. ഇതിൽ ഒന്നും ഒളിച്ചുവയ്ക്കാനും പുതിയതായി ഒന്നും പറയാനുമില്ലല്ലോ. ഞങ്ങൾ സഭയിൽ ഹാജരാക്കിയ ഒരു കാര്യവും അങ്ങ് നിഷേധിക്കുന്നില്ല. ഫോൺ ചെയ്തിട്ടില്ലെന്നും അങ്ങയുടെ ഓഫീസിലെ ജീവനക്കാരന് ബന്ധമില്ലെന്നും സരിതയുടെ ഫോൺകോളുകളെക്കുറിച്ചും അങ്ങ് നിഷേധിച്ചിട്ടില്ല. അങ്ങേയ്ക്ക് ഫോൺ ഇല്ലെന്ന് പറയുന്നു. ഇപ്പോൾ വെബ്സൈറ്റിൽ അങ്ങയുടെ ഫോൺ നമ്പറുണ്ട്. ഫോൺ ഇല്ലെന്ന് സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്. കേരളത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ മുഖ്യമന്ത്രിയുടെ ഫോൺ നമ്പർ കൊടുത്ത് ജനങ്ങളെയും കബളിപ്പിക്കുക യാണ്. രഹസ്യ ബന്ധത്തിനായി വേറെ ഫോണും ആളുകളുമുള്ള ഏർപ്പാട് എന്താണ്; ഇതാണോ സുതാര്യ കേരളം. 24 മണിക്കൂറും ഓഫീസ് തുറന്നു വയ്ക്കുന്നത് ഇതുപോലുള്ള സരിതാ നായർക്ക് വേണ്ടിയാണോ. രാജ്യത്ത് ജനങ്ങൾ മരിച്ചുവീഴുമ്പോൾ, അട്ടപ്പാടിയിലെ കുട്ടികൾ പിടഞ്ഞുമരിക്കു മ്പോൾ, വിലക്കയറ്റം കൊണ്ട് ആളുകൾ പൊരിയുമ്പോൾ സരിതയുടെ 70 ഫോൺ കോൾ അറ്റൻഡ് ചെയ്യാൻ എങ്ങനെ സമയം കിട്ടുന്നു. യഥാർത്ഥ ത്തിൽ ജനജീവിതവുമായി ബന്ധമുള്ള ഒരു മുഖ്യമന്ത്രി ആണെങ്കിൽ കേരള ത്തിൽ നടക്കുന്ന കൊടുംക്രൂരമായ കാര്യങ്ങൾ ഓർമ്മിച്ച് അങ്ങേയ്ക്ക് ഉറ ങ്ങാൻ കഴിയില്ല. അങ്ങ് 70 തവണയിൽപ്പരം ഒരു വ്യക്തിക്കുവേണ്ടിയുള്ള

ഫോൺ എന്തിന് കൈകാര്യം ചെയ്തു. അങ്ങ് കുറ്റവാളിയാണ്. അല്ലെങ്കിൽ നിരപരാധിയാണെന്ന് തെളിയിക്കണം. ആരോപണം വന്നാൽ അത് തെളിയുന്നതുവരെ അങ്ങ് മാറിനിൽക്കണം. ജുഡീഷ്യൽ അന്വേഷണത്തെ നേരിടാനുള്ള തന്റേടം കാണിക്കണം. അല്ലാതെ ഏതെങ്കിലും ജീവനക്കാരനെ ബലിയാടാക്കി അങ്ങ് രക്ഷപ്പെടാൻ നോക്കരുത്. മന്ത്രിസഭയിലെ ഒരു മന്ത്രിയും ഒരു ഡിവൈ.എസ്.പി.യും പോലീസ് അസോസിയേഷനും ഇതിൽ പങ്കാളിയാണ്. അല്ലെന്ന് നിഷേധിക്കാൻ കഴിയുമോ? അതുകൊണ്ട് ജുഡീഷ്യൽ എൻക്വയറി തന്നെയാണ് ഇതിനു പരിഹാരം. സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യാൻ അങ്ങ് അനുവദിക്കാതെ വീണ്ടും തുടരുന്നതിൽ പ്രതിഷേധിച്ച് ഞാനും എന്റെ എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

<u>ശ്രീ. മാത്യു റ്റി. തോമസ്</u>: സർ, ആധുനിക കാലഘട്ടത്തിൽ കേരളം പോലൊരു സംസ്ഥാനത്തെ മുഖ്യമന്ത്രിക്ക് ഫോൺ ഇല്ലെന്നുപറയുന്നത് ലാളിത്യത്തിന്റെ അടയാളമായി ആരും കണക്കാക്കില്ല. നിരന്തരമായി ജനങ്ങളുമായും ഉദ്യോഗസ്ഥ ഭരണതലത്തിലും ബന്ധപ്പെടുന്ന ഒരാൾക്ക് ഫോണിന്റെ ഉപയോഗം അനിവാര്യമാണ്. ഫോൺ ഇല്ലെന്നുള്ളതുകൊണ്ട് ഐക്യരാഷ്ട്രസഭ പ്രത്യേക അംഗീകാരമോ അവാർഡോ നൽകാനും പോകുന്നില്ല. ഇവിടെയുള്ള പ്രശ്നം, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതനുസരിച്ച് 13 തട്ടിപ്പുകേസ്സുകളിൽ, നമ്മുടെ കണക്കനുസരിച്ച് 21-ഓളം കേസുണ്ടെന്നാണ്, ആധികാരികമായ കണക്ക് പറയാൻ ഞാൻ

ശക്തനല്ല, അത്തരത്തിൽ പ്രതിയായി ജയിൽശിക്ഷ അനുഭവിച്ച, ഇപ്പോഴും അന്വേഷണം നേരിടുന്ന പല കേസുകളിലും പ്രതിയായ ഒരാളുടെ ആവശ്യമെന്താണ്; അവർ നടത്തിയ തട്ടിപ്പുകളിൽ അധികാര കേന്ദ്രങ്ങളിൽ നിന്ന് സഹായം വേണം. തീർച്ചയായും ആ ആവശ്യം ഉന്നയിച്ചുകൊണ്ടായിരിക്കും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസിൽ ബന്ധപ്പെടുന്നത്. ആ ആവശ്യത്തിന് ബന്ധപ്പെടുമ്പോൾ സ്വാഭാവികമായും നീതി നിർവ്വഹണത്തിൽ വിശ്വാസമുള്ള മുഖ്യമന്ത്രിയുടെ ഓഫീസ് ചെയ്യേണ്ടത്, ഇത്തരം കാര്യങ്ങളിൽ ഞങ്ങൾ ഇടപെടില്ലെന്ന നിലപാട് ശക്തമായി സ്വീകരിക്കണം. പക്ഷേ, മറിച്ച് മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നും ഔദ്യോഗിക വസതിയിൽ നിന്നും ഈ തട്ടിപ്പിന് നേതൃത്വം കൊടുത്ത് നിരവധി തവണ ജയിലിൽ കിടക്കുകയും നിരവധി പുതിയ കേസ്സുകളിൽ അന്വേഷണത്തിന് വിധേയമായി എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യപ്പെടുകയും ചെയ്ത പ്രതിയെ അങ്ങോട്ട് ഫോൺ ചെയ്യുന്നു. ഈ ഗവൺമെന്റ് അധികാരമേറ്റപ്പോൾ മുതൽ അവകാശപ്പെടുന്നത് ഗവൺമെന്റിന്റെ മുഖമുദ്ര സുതാര്യതയാണെന്നാണെങ്കിൽ ഇന്ന് ആ സുതാര്യതയുടെ മൂടുപടമെല്ലാം പൊളിച്ച് കീറിക്കളഞ്ഞിരിക്കുന്നു. ദുരൂഹതയാണ് ഈ ഗവൺമെന്റിന്റെ മുഖമുദ്രയെന്ന് വ്യക്തമാക്കിക്കഴിഞ്ഞിരിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും യാത്ര ചെയ്യുമ്പോൾ ഫോൺ എടുക്കാനും അത്യാവശ്യം കമ്മ്യൂണിക്കേഷൻ നടത്താനും സഹായികൾ ആവശ്യമാണ്. ഫലപ്രദമായ പ്രവർത്തനങ്ങൾക്ക് ആ സംവിധാനങ്ങളൊക്കെ അനിവാര്യമാണെന്ന കാര്യം ഞങ്ങൾ നിഷേധിക്കുന്നില്ല. പക്ഷേ, അങ്ങനെ സഹായികളായി കൂടെ വരുന്ന ആളുകൾ സൂപ്പർ മുഖ്യമന്ത്രിമാരാകരുത്. മുഖ്യമന്ത്രിയുടെ മുകളിൽ ഈ സംസ്ഥാനത്തിന്റെ ഭരണാധികാരത്തിൽ കൈകടത്തുന്ന ഒരാൾ കേരളത്തിൽ ഉണ്ടാകാൻ പാടില്ല. അന്വേഷണം നടക്ക

ട്ടേയെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി എടുത്ത നിലപാട്. അങ്ങ് കേരള ഭരണ സംവിധാനത്തിലെ തലവനാണ്. എല്ലാ വകുപ്പുകളുടെയും മേധാവി അങ്ങാണ്. അങ്ങയുടെ ആഫീസുമായി ബന്ധപ്പെട്ട ഒരു ആരോപണം ഉണ്ടാകുമ്പോൾ അങ്ങ് ഭരണത്തലവനായിരിക്കുന്ന ഭരണ സംവിധാനത്തിന്റെ കീഴിൽ അന്വേഷിച്ചാൽ പോരെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. സ്വാഭാവിക നീതിയുടെ പ്രമാണമെന്ന നിലയിൽ no man shall be the judge on his own case – അവരവരുടെ കേസ്സുകളിൽ അവർ തന്നെ വിധി കർത്താക്കളാകരുത്. അതുകൊണ്ടാണ് ഇക്കാര്യം സംബന്ധിച്ച് ഒരു ജുഡീഷ്യൽ അന്വേഷണം തന്നെ ഉണ്ടാകണമെന്ന് ആവശ്യപ്പെടുന്നത്. ബഹമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസ് ഫോണിൽ അങ്ങോട്ടുമിങ്ങോട്ടും ഈ പ്രതിയുമായി ബന്ധപ്പെട്ടിരിക്കുന്നു. അങ്ങയുടെ മന്ത്രിസഭയിലെ ഒരു മന്ത്രി ഈ തട്ടിപ്പിന് നേതൃത്വം കൊടുത്ത ആളിന്റെ പരിപാടി ഉദ്ഘാടനം ചെയ്യാൻ പോകുന്നു. ഡിവൈ.എസ്.പി. പരാതി കൊടുത്ത ആളുകളുമായി സന്ധിസംഭാഷണത്തിന് പോകുന്നു. പോലീസ് അസോസിയേഷന്റെ പരിപാടി ഇവർ സ്പോൺസർ ചെയ്യുന്നു. ഇതെല്ലാം കൂടി കൂട്ടിവായിക്കുമ്പോൾ ഭരണ സംവിധാനത്തിൽ വലിയ സ്വാധീനമുള്ള വ്യക്തിയാണ് ഈ തട്ടിപ്പിന് നേതൃത്വം കൊടുക്കുന്നതെന്ന് വ്യക്തമായിക്കഴിഞ്ഞു. അങ്ങയുടെ ആഫീസും കൂടി ബന്ധപ്പെട്ട് ആരോപണം ഉണ്ടായപ്പോൾ അങ്ങ് തലവനായ ഭരണസംവിധാനത്തിൻകീഴിൽ അന്വേഷണം നടത്തി ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ കഴിയില്ല. അങ്ങ് സാധാരണ പറയുന്നതുപോലെ, സത്യം നടന്നാൽ മാത്രം പോര അത് നടന്നുവെന്ന് മറ്റാളുകളെ ബോധ്യപ്പെടുത്തുക കൂടി ചെയ്യാൻ കഴിയണം. അതുകൊണ്ട് ഗവൺമെന്റ് തലത്തിലുള്ള സംവിധാനത്തിലല്ലാതെ

ജുഡീഷ്യൽ അന്വേഷണം ഇക്കാര്യത്തിൽ ഉണ്ടാകണം. ഈ വിഷയങ്ങൾ ചർച്ച ചെയ്യാൻ വൈമുഖ്യം പ്രകടിപ്പിച്ചതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. മാത്യു റ്റി. തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. എ. എ. അസീസ്: സർ, ഇത് നിർഭാഗ്യകരമായ സംഭവമാണ്. നിരവധി കേസ്സുകളിൽ ശിക്ഷിക്കപ്പെടുകയും പല പ്രാവശ്യം ജയിൽ വാസം അനുഭവിക്കുകയും ജയിലിൽ കിടന്ന് പ്രസവിക്കുകയും ചെയ്ത ഒരു സ്ത്രീ മുഖ്യമന്ത്രിയുടെ ഓഫീസിൽ നിരവധി പ്രാവശ്യം വന്നുവെന്ന് പറഞ്ഞാൽ അവിടെ സഹായികളില്ലെങ്കിൽ അവർ എങ്ങനെയാണ് മുഖ്യമന്ത്രിയുടെ ഓഫീസിൽ കടന്ന് വരുന്നത്. മുഖ്യമന്ത്രിയുടെ ഓഫീസിൽ ധാരാളം ആളുകൾ എത്തുന്നുണ്ട്. അതൊക്കെ ഞങ്ങളും കാണുന്ന കാര്യമാണ്. പക്ഷേ ധാരാളം ആളുകൾ എത്തുന്നെങ്കിൽപ്പോലും ഇത്തരത്തിലൊരു കൊടുംകുറ്റവാളി മുഖ്യമന്ത്രിയുടെ ഓഫീസിൽ എത്തുന്നെങ്കിൽ മുഖ്യമന്ത്രി ഉൾപ്പെടെ ആരുടെയെങ്കിലും സഹായം ഇല്ലാതെ എങ്ങനെയാണ് അവർക്ക് യഥേഷ്ടം കടന്നുവരാൻ സാധിക്കുന്നത്. അവരെ മനസ്സിലാക്കാൻ സാധിച്ചില്ലെന്ന് പറഞ്ഞാൽ യഥാർത്ഥത്തിൽ അവിടംമുതലാണ് സംശയത്തിന് വഴി തെളിയുന്നത്. ഇത്തരത്തിലുള്ള ഒരു കൊടുംകുറ്റവാളിയെ അങ്ങോട്ട് ഫോൺ ചെയ്ത് അവിടെ നിന്ന് ഇങ്ങോട്ട് ഫോൺ ചെയ്ത്, സഹായിക്കുന്നതിന് മുഖ്യമന്ത്രിയോടൊപ്പമുള്ള മുഖ്യമന്ത്രിയുടെ സഹായിയായ ഒരാൾ ആണ് ഇത്തരം കൃത്യങ്ങളെല്ലാം ചെയ്തതെങ്കിൽ എന്തുകൊണ്ട് മുഖ്യമന്ത്രിക്ക് അയാളെ മാറ്റി നിർത്തി ഒരന്വേഷണം നടത്താമെന്ന് പ്രഖ്യാപിക്കുവാൻ കഴിയാതെ പോയത് എന്നതും സംശയമുള്ള കാര്യമാണ്. ഇവിടെ

നിരവധി തെളിവുകൾ നിരത്തിയതാണ്. ആ തെളിവുകളുടെ അടിസ്ഥാനത്തിൽ തൽക്കാലമെങ്കിലും അദ്ദേഹത്തെ മാറ്റി നിർത്തി ഞാൻ അന്വേഷിക്കാമെന്ന് പറയാനുള്ള ആർജ്ജവം മുഖ്യമന്ത്രി കാണിക്കാതിരുന്നതിൽ സംശയമുണ്ട്. അതുകൊണ്ടുതന്നെയാണ് ഇതൊരു ജുഡീഷ്യൽ അന്വേഷണം നടത്തേണ്ടതാണെന്ന് ഞങ്ങൾ ആവശ്യപ്പെടുകയും അത് ചർച്ചചെയ്യാൻ കൂട്ടാക്കത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ശ്രീ. എ. എ. അസീസും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, വളരെ വേദനയോടുകൂടിയാണ് ഞാനിപ്പോൾ ഈ വിഷയത്തിലിടപ്പെടുന്നത്. ഇന്ന് ഈ പ്രശ്നത്തിൽ ഒരു ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിച്ചുകൊണ്ട് മുഖ്യമന്ത്രി സഭയിൽ വരുമെന്നായിരുന്നു ഞാൻ കരുതിയത്. കാരണം താങ്കൾ ഇന്നലെ വരെ സ്വീകരിച്ച നിലപാടിന്റെ തുടർച്ച അതായിരിക്കുമെന്നാണ് സാമാന്യമായി ഞാൻ ധരിച്ചത്. പക്ഷെ അങ്ങയുടെ ഓഫീസിനെ കേന്ദ്രീകരിച്ച് നടന്നിട്ടുള്ള ഈ വൻ തട്ടിപ്പിനെ അതിൽ പ്രഥമദൃഷ്ട്യാ കുറ്റക്കാരനാണെന്ന് കണ്ട അങ്ങയുടെ സ്റ്റാഫിൽപ്പെട്ട മെമ്പറെപ്പോലും അങ്ങ് സംരക്ഷിക്കുന്ന ഒരു നിലപാട് ഇവിടെ സ്വീകരിച്ചുകണ്ടതിൽ അങ്ങേയറ്റത്തെ അമർഷവും പ്രതിഷേധവുമുണ്ട്. ആ ഒരു വിഷയം അങ്ങ് സാധാരണയെടുക്കുന്ന ഒരു നിലപാട് പോലെയാണെങ്കിൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതായിരുന്നു. ആ നിലപാടും ഇന്ന് താങ്കളുടെ ഭാഗത്തുനിന്നുമുണ്ടായി കാണുന്നില്ല. ഇത് എന്തുകൊണ്ടാണ്? താങ്കളെയും താങ്കളുടെ ഓഫീസിനെയും പ്രതിക്കൂട്ടിൽ നിർത്തുന്ന ഈ

കേസിൽ താങ്കളുടെ കീഴിലുള്ള ഉദ്യോഗസ്ഥന്മാർ അന്വേഷിക്കട്ടെ, അവരുടെ പ്രാഥമികമായ റിപ്പോർട്ട് വരട്ടെ എന്ന് അലംഭാവം കാണിക്കുമ്പോൾ അങ്ങയെക്കുറിച്ച് ഇന്നലെ വരെ ഈ കേരളീയ സമൂഹത്തിനുണ്ടായിട്ടുള്ള പ്രതിച്ഛായയാണ് തകരാൻ പോകുന്നത് എന്ന് ഞാനിവിടെ സൂചിപ്പിക്കാനാഗ്രഹിക്കുകയാണ്. ഇത്തരത്തിൽ ഗുരുതരമായ ഒരു പ്രശ്നമുണ്ടായിട്ടും സഭ നിർത്തിവച്ച് ചർച്ച ചെയ്യാൻ അങ്ങ് സന്നദ്ധനാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുന്നു.

(ശ്രീ. എ. കെ. ശശീന്ദ്രനും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ വീണ്ടും ഹാജരായി.)

(ശ്രദ്ധ ക്ഷണിക്കൽ)